കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വയനാട് ജില്ല- ഐ.എച്ച്.ആർഡി യുടെ അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നിന് ഭൂമി വിട്ടുനൽകുന്നതിന് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുവാദം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പ്

സ.ഉ. (സാധാ)നം. 959/2012/ത.സ്വ.ഭ.വ. തിയതി, തിരുവനന്തപുരം, 30-3-2012

പരാമർശം : 1. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 4-2-10-ലെ 53/2010 നമ്പർ തീരുമാനം
2. മീനങ്ങാടി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 4-9-10-ലെ എ4. 12/11200 നമ്പർ കത്ത്
3. മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ 24-2-11-ലെ 56/2011 നമ്പർ തീരുമാനം
4. പഞ്ചായത്ത് ഡയറക്ടറുടെ 19-3-2012-ലെ സി 2/16006/2011 നമ്പർ കത്ത്.

ഉത്തരവ്

മീനങ്ങാടി ഗ്രാമപഞ്ചായത്ത് വനിതാ വ്യവസായകേന്ദ്രം സ്ഥാപിക്കുന്നതിന് 2007-08- സാമ്പത്തികവർഷം വിലയ്ക്കു വാങ്ങിയ കൃഷ്ണഗിരി വില്ലേജ് ബ്ളോക്ക് നം. 19, റീ സർവ്വേ 415/1 ൽപ്പെട്ട 2.37 ഏക്കർ സ്ഥലത്തുനിന്നും രണ്ടേക്കർ സ്ഥലം ഐ.എച്ച്.ആർഡി യുടെ അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നിന് വിട്ടുനൽകുന്നതിന് ഗ്രാമപഞ്ചായത്ത് പരാമർശം (1) പ്രകാരം തീരുമാനിക്കുകയും പരാമർശം (2) പ്രകാരം സർക്കാരിൽ അപേക്ഷിക്കുകയും ചെയ്തു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. അതിന്റെ അടിസ്ഥാനത്തിൽ മീനങ്ങാടി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കൃഷ്ണഗിരി വില്ലേജ് ബ്ളോക്ക് നം. 19, റീ സർവ്വേ 415/1 ൽപ്പെട്ട 2.37 ഏക്കർ സ്ഥലത്തുനിന്നും രണ്ടേക്കർ സ്ഥലം അതിന്റെ ഉടമസ്ഥാവകാശം മീനങ്ങാടി ഗ്രാമപഞ്ചായത്തിൽ തന്നെ നിലനിർത്തിക്കൊണ്ട് ഐ.എച്ച്.ആർഡി യുടെ അപ്ലൈഡ് സയൻസ് കോളേജ് സ്ഥാപിക്കുന്നിനുവേണ്ടി ഐ.എച്ച്.ആർഡിക്ക് വിട്ടുനൽകുന്നതിന് മീനങ്ങാടി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
എൻ. ആർ. ശ്രീലേഖ,
അണ്ടർ സെക്രട്ടറി.

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, ഐ.എച്ച്.ആർഡി, പ്രജോ ടവേഴ്സ്, വഴുതയ്ക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം
സീനിയർ ഡെപ്യൂട്ടി അക്കൗണ്ടന്റ് ജനറൽ, തദ്ദേശസ്വയംഭരണ ആഡിറ്റ് ആന്റ് അക്കൗണ്ട്സ്, തിരുവനന്തപുരം
സെക്രട്ടറി, മീനങ്ങാടി ഗ്രാമപഞ്ചായത്ത്, മീനങ്ങാടി പി.ഒ, വയനാട് 673591
കരുതൽ ഫയൽ/ഓഫീസ് കോപ്പി.,

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.